കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - ധർമ്മടം നിയോജക മണ്ഡലം എ.കെ.ജി.എം എച്ച്.എസ്.എസിന് ഗ്രൗണ്ട് നിർമ്മാണം എന്ന പ്രവൃത്തിയ്ക്കുള്ള ഭരണാനുമതി റദ്ദ് ചെയ്ത് പകരം പിണറായി എ.കെ.ജി മെമ്മോറിയൽ ഗവ.ഹയർ സെക്കണ്ടറി സ്കൂളിന് ചുറ്റുമതിൽ നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.2741/18/തസ്വഭവ                    തിരുവനന്തപുരം, തീയതി,26.10.2018

---

പരാമർശം :- 1. 11.06.2012- ലെ സ .ഉ(അച്ചടി ) നം .332/2012/ ധന .നമ്പർ ഉത്തരവ്

2. 27/05/2017 ലെ സർക്കാർ ഉത്തരവ് (സാധാ.)നം.1756/2017/തസ്വഭവ.

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.08.2018 ലെ കത്ത് നം.ഡിബി5/2689/17/സിഇ/തസ്വഭവ

**ഉത്തരവ്**

ബഹു.മുഖ്യമന്ത്രിയുടെ ധർമ്മടം മണ്ഡലത്തിലെ 2016-17 ലെ ആസ്തി വികസന പദ്ധതി ഫണ്ട് ഉപയോഗിച്ച് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിരുന്ന സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരുന്നതും പ്രോജക്ട് ഐ ഡി 2057 ൽ ഉൾപ്പെടുന്നതുമായ എ.കെ. ജി മെമ്മോറിയൽ ഗവ.ഹയർ സെക്കണ്ടറി സ്കൂളിന് ഗ്രൗണ്ട് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് നല്കിയിരുന്ന 20 ലക്ഷം രൂപയുടെ അനുമതി റദ്ദ് ചെയ്ത് പകരമായി പിണറായി എ.കെ.ജി മെമ്മോറിയൽ ഗവ.ഹയർ സെക്കണ്ടറി സ്കൂളിന് ചുറ്റു മതിൽ നിർമ്മാണം എന്ന പ്രവൃത്തിക്ക് 37 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് ടി പ്രവൃത്തിയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു.മുഖ്യമന്ത്രിയുടെ ധർമ്മടം മണ്ഡലത്തിലെ 2016-17 ലെ ആസ്തി വികസന പദ്ധതി ഫണ്ട് ഉപയോഗിച്ച് പരാമർശം (2) സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരുന്നതും പ്രോജക്ട് ഐ ഡി 2057 ൽ ഉൾപ്പെടുന്നതുമായ എ.കെ.ജി മെമ്മോറിയൽ ഗവ.ഹയർ സെക്കണ്ടറി സ്കൂളിന് ഗ്രൗണ്ട്

(..........2)

നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് നല്കിയിരുന്ന 20 ലക്ഷം രൂപയുടെ ഭരണാനുമതി റദ്ദ് ചെയ്ത്, പകരം പിണറായി എ.കെ.ജി മെമ്മോറിയൽ ഗവ.ഹയർ സെക്കണ്ടറി സ്കൂളിന് ചുറ്റുമതിൽ നിർമ്മാണം എന്ന പ്രവൃത്തിക്ക് 37 ലക്ഷം രൂപയുടെ ഭരണാനുമതി വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും പരാമർശം ഒന്ന് ഉത്തരവിലെ നിർദേശങ്ങളും പാലിക്കണമെന്ന നിബന്ധനയോടെ നൽകി ഉത്തരവാകുന്നു .

3) ഇത് സംബന്ധിച്ച ചെലവ് 4515-00- 300-96 പ്രോജക്ട്സ് അണ്ടർ എൽ . എ . സി എ . ഡി . എസ്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ് .

4) പരാമർശം (2) സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സെക്രട്ടറി, പിണറായി ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (File Id.1321/No.NC-C3/2018/Fin തീയതി 11/10/2018)
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി2/140/2018/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ